## വഴിവെളിച്ചം

# അഹങ്കാരത്തിന്റെ കടുകുമണിത്തൂക്കം

عَن أَبي سَلَمَةَ رَضِي اللّه عَنْه قَال : التقى عبد اللَّهِ بن عُمَرَ وَعَبَدُ اللَّه بن عَمْرٍو رَضِي اللّه عَنهم علَى المَرْوَة ، فَتحدَّثَا ، ثُمَّ مَضَى عَبَدُ اللَّه بن عَمْرٍو ، وَبَقي عَبد اللَّه بن عُمَرَ يَبْكِي ، فَقَال لَهُ رَجُلٌ : ما يُبْكِيك يَا أَبَا عَبْد الرَّحْمَنِ ؟ قَال : هَذَا – يَعْنى عَبْد اللَّه بْنِ عَمْرٍو – زَعَمَ أَنَّهُ سَمِعَ رَسُولَ اللّه ﷺ يَقُول : مَنْ كَانَ فى قَلْبِه مِثْقَالُ حَبَّةٍ مِنْ خَرْدَلٍ مِنْ كِبْرٍ كَبَّهُ اللّهُ تَعَالى لِوَجْهِهِ فِى النَّارِ

**അബൂസലമ(റ)യിൽനിന്ന്: ഒരിക്കൽ അബ്ദുല്ലാഹിബ്നു ഉമറും അബ്ദുല്ലാഹിബ്നു അംറും മർവാ കുന്നിൽ വെച്ച് കണ്ടുമുട്ടി. അവർ സംസാരിച്ചുകൊണ്ടിരുന്നു. പിന്നീട് അബ്ദുല്ലാഹിബ്നു അംറ്(റ) എഴുന്നേറ്റ് പോയി. ഇബ്നു ഉമർ(റ) അവിടെയിരുന്ന് കരയാൻ തുടങ്ങി. ഒരാൾ ചോദിച്ചു: "അബൂ അബ്ദിറഹ്മാൻ! താങ്കൾ എന്തിനാണ് കരയുന്നത്?" ഇബ്നു ഉമർ(റ) പറഞ്ഞു: "ആരുടെയെങ്കിലും ഹൃദയത്തിൽ കടുകുമണിത്തൂക്കം അഹങ്കാരമുണ്ടെങ്കിൽ അതിന്റെ പേരിൽ അല്ലാഹു അയാളെ നരകത്തിൽ മുഖം കുത്തി വീഴ്ത്തുമെന്ന് അല്ലാഹുവിന്റെ റസൂൽ(സ) പ്രസ്താവിച്ചതായി അബ്ദുല്ലാഹിബ്നു അംറ്(റ) എന്നോട് പറയുകയുണ്ടായി; അതാണ് എന്നെ കരയിച്ചത്." (അഹ്മദ്)***

**വിശ്വാസി**യുടെ സ്വർഗപ്രവേശത്തെ തടയുന്ന, നന്മകളുടെ അടിവേരറുക്കുന്ന ദുർഗുണങ്ങളിൽ പ്രധാനമാണ് അഹങ്കാരം. മറ്റുള്ളവരേക്കാൾ താനാണ് ശ്രേഷ്ഠനെന്ന് കരുതുകയും തനിക്ക് ചുറ്റുമുള്ളവർ തന്നെക്കാൾ അധമരാണെന്ന് വിചാരിക്കുകയും ചെയ്യലാണത്. താനാണ് മീതെ എന്ന ഭാവം. ആളുകളെ നിസ്സാരന്മാരായി കാണാനും വസ്തുതകളെ തള്ളിക്കളയാനും അഹങ്കാരം നിമിത്തമായിത്തീരുന്നു. നബി(സ) പറഞ്ഞു: "സത്യത്തെ നിഷേധിക്കുകയും ജനങ്ങളെ പുഛിക്കുകയും ചെയ്യലാണ് അഹങ്കാരം" (മുസ്ലിം, തിർമുദി).

ഏത് ശ്രേഷ്ഠനെയും അഹങ്കാരം നശിപ്പിച്ചു കളയും. തന്നിലുള്ള ഒരു മേന്മ, അത് സാമ്പത്തികമോ ശാരീരികമോ ധാർമികമോ ആവാം, മറ്റുള്ളവരേക്കാൾ തന്റെ പെരുമ പറയാൻ ഒരാൾക്ക് പ്രേരണയായേക്കും. ഇനി അതേ മേന്മ അതേ അളവിൽ മറ്റുള്ളവർക്കും ഉണ്ടെങ്കിലോ? എങ്കിൽ അവരെ തന്റെ എതിരാളികളും ശത്രുക്കളുമായിട്ടാവും ഈ അഹങ്കാരി കാണുക. അന്യരെ ഇകഴ്ത്തിയേ അയാൾ സംസാരിക്കൂ. സ്വന്തം കർമങ്ങൾ എന്ത് എന്നല്ല, മറ്റുള്ളവർ എന്ത് ചെയ്യുന്നു എന്നായിരിക്കും അയാൾ സദാ നോക്കിക്കൊണ്ടിരിക്കുക. ഇസ്ലാം വിലക്കിയ ആത്മ പ്രശംസ, പരനിന്ദ, പരദൂഷണം, ഏഷണി, അസൂയ തുടങ്ങിയ സ്വഭാവ ദൂഷ്യങ്ങളെല്ലാം അയാളിൽ മേളിച്ചിരിക്കും. സംസാരത്തിലും ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലുമെല്ലാം പൊങ്ങച്ചത്തിന്റെയും ദുരഭിമാനത്തിന്റെയും ബഹിർ സ്ഫുരണങ്ങൾ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കും. സ്വയം സംസ്കരണത്തിന്റെ കവാടങ്ങൾ അടഞ്ഞു പോവാനും കൂടുതൽ മാരകമായ തെറ്റുകുറ്റങ്ങളിൽ ആപതിക്കുവാനും ഇത് കാരണമായിത്തീരുന്നു. അഹങ്കാരം വ്യക്തിയെ നശിപ്പിച്ചുകളയുന്നതും നരകത്തിലെത്തിക്കുന്നതും ഇങ്ങനെയാണ്. നബി(സ) പറഞ്ഞു: "ആരുടെയെങ്കിലും ഹൃദയത്തിൽ അണുത്തൂക്കം അഹങ്കാരമുണ്ടെങ്കിൽ അവൻ സ്വർഗത്തിൽ എത്തുകയില്ല" (മുസ്ലിം, തിർമുദി, ഹാകിം).

സമൂഹത്തിലെ നേതാക്കളിലും പണ്ഡിതന്മാരിലുമെല്ലാം ഏറിയോ കുറഞ്ഞോ അഹങ്കാരം പോലുള്ള അധമവികാരങ്ങൾ നിലനിൽക്കുന്നുണ്ട്. പൂർവകാല സമൂഹങ്ങൾ അവരിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതന്മാരെ തള്ളിക്കളയുന്നത് ദുരഭിമാനവും അഹംഭാവവും നിമിത്തമായിരുന്നു. ആദമിന്റെ മുന്നിൽ പ്രണാമം ചെയ്യുന്നതിൽനിന്ന് ഇബ്ലീസിനെ തടഞ്ഞത് 'ഞാനാണ് വലിയവൻ' എന്ന അഹംഭാവം തന്നെ. ചുരുക്കത്തിൽ, എല്ലാ ദുർഗുണങ്ങളുടെയും ആദ്യ കാരണം പലപ്പോഴും അഹങ്കാരമാണെന്ന് കാണാം. അല്ലാഹു പറഞ്ഞതായി നബി(സ) അറിയിക്കുന്നു: "അഹങ്കാരം എന്റെ അങ്കിയും ഗാംഭീര്യം എന്റെ ഉടുപ്പുമാകുന്നു. ആരെങ്കിലുമൊരാൾ എന്നിൽനിന്ന് അത് ഊരിമാറ്റി സ്വയം എടുത്തണിയാൻ ശ്രമിച്ചാൽ ഞാനവനെ നരകത്തിലെറിയുക തന്നെ ചെയ്യും" (അബൂദാവൂദ്, ഇബ്നുമാജ, ഇബ്നുഹിബ്ബാൻ).

അലി(റ) പറയുന്നു: ഒരിക്കൽ നബി(സ) കുറച്ചാളുകളുടെ അരികിലൂടെ നടന്നുപോവുകയായിരുന്നു. അവരിലൊരാൾ വിലകൂടിയ സുഗന്ധം പുരട്ടിയിട്ടുണ്ട്. അവിടുന്ന് അയാളെ അവഗണിക്കുകയും മറ്റുള്ളവരെ നോക്കി സലാം പറയുകയും ചെയ്തു. അയാൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ അവഗണിച്ചതെന്താണ്?" അവിടുന്ന് പറഞ്ഞു: "നിന്റെ ഇരു നേത്രങ്ങൾക്കിടയിലും ഒരു അഗ്നിജ്വാല ഞാൻ കാണുന്നുണ്ട്" (ബുഖാരി - അദബുൽ മുഫ്റദ്). അഹന്തയുടെയും ദുരഭിമാനത്തിന്റെയും ലാഞ്ഛന അയാളുടെ മുഖത്ത് കണ്ടതിനാലാണ് നബി(സ) അയാളെ അവഗണിച്ചതും ഇപ്രകാരം താക്കീതു ചെയ്തതും.

അനസ്(റ) പറയുന്നു: "പ്രവാചകന്റെ കാലത്ത് മഹദ്ഗുണങ്ങളേറെ

യുള്ള ഒരാളുണ്ടായിരുന്നു. ജനങ്ങൾ അയാളുടെ നന്മകളെക്കുറിച്ചും ഗുണഗണങ്ങളെക്കുറിച്ചും നബി(സ)യോട് പുകഴ്ത്തിപ്പറയാറുണ്ടായിരുന്നു. ഒരിക്കൽ അയാൾ സദസ്സിലേക്ക് കടന്നുവന്നപ്പോൾ അനുചരന്മാർ പറഞ്ഞു: "പ്രവാചകരേ, ഞങ്ങൾ അങ്ങയോട് പറയാറുള്ള വ്യക്തിയാണിത്!" നബി(സ) അയാളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: "പൈശാചികമായ ഒരു അടയാളം തീർച്ചയായും അയാളുടെ മുഖത്ത് ഞാൻ കാണുന്നുണ്ട്!" പിന്നീട് അവിടുന്ന് അയാളോട് ചോദിച്ചു: "അല്ലാഹുവിനെ സാക്ഷിനിർത്തി ഞാൻ താങ്കളോട് ചോദിക്കുകയാണ്. ജനങ്ങളിൽ തന്നേക്കാൾ ശ്രേഷ്ഠനായി മറ്റാരുമില്ലെന്ന് താങ്കൾ വിചാരിക്കാറില്ലേ?" അയാൾ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും ഞാൻ അപ്രകാരം കരുതാറുണ്ട്!" (അഹ്മദ്, ദാറുഖുത്നി, ബസ്സാർ). നിസ്സാരമെന്ന് തോന്നുന്ന ഇത്തരം തെറ്റുകുറ്റങ്ങളെ പോലും നബി(സ) എത്ര രൂക്ഷമായി വെറുത്തിരുന്നുവെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം അഹ്മദും ത്വബ്റാനിയും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ നിവേദക പരമ്പര, ഇമാം ബുഖാരിയുടെ ഹദീസ് സ്വീകരണ മാനദണ്ഡങ്ങൾ പ്രകാരം സ്വഹീഹ് ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ശുഐബ് അൽ-അർനഊത്ത് സാക്ഷ്യപ്പെടുത്തുന്നു.